അൾട്രാ സൗണ്ട് സ്കാനർ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുക, ക്ലിനിക്കൽ ലാബുകളിലേക്ക് റീ-ഏജന്റ്സ് വാങ്ങുക, ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണവും നിർമ്മാണവും നിർവ്വഹിക്കുക, വാഹന സൗകര്യമില്ലാത്ത ആശുപത്രികളിൽ വാഹനസൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളും ചെയ്തുവരുന്നു.

(ബി) രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ആശുപത്രികളോടും അനുബന്ധിച്ച് വികസന സമിതികൾ/ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുചേർക്കുകയും രോഗികളുടെ പ്രശ്നങ്ങൾ, ആശുപത്രികളുടെ വികസനത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രി സൂപ്രണ്ടും ആർ.എം.ഒ.-യും വാർഡുകൾ സന്ദർശിക്കുകയും ആശുപത്രിയുടെ പ്രവർത്തനത്തെ കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ബന്ധപ്പെട്ട ജില്ലകളിലെ ആശുപത്രികളിൽ സന്ദർശനം നടത്താറുണ്ട്. ആശുപത്രിയുടെ പ്രവർത്തനത്തിൽ പരാതിയുണ്ടെങ്കിൽ രോഗികൾക്കും സ്റ്റാഫിനും സൂപ്രണ്ടിന് നേരിട്ട് പരാതി നല്കാവുന്നതുമാണ്. ആശുപത്രി ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റാഫ് മീറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്.

സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

92 (781) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപ്പു സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത 585 ഇനം മരുന്നുകളിൽ വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും മേധാവികൾ മുൻകൂട്ടി അംഗീകരിച്ചു നൽകിയ ഇന്റന്റ് അനുസരിച്ച് എല്ലാ കീഴ്ഘടക സ്ഥാപനങ്ങൾക്കും വിതരണം ചെയ്തു വരുന്നു. കൂടാതെ ടി മരുന്നുകളുടെ കരുതൽ സ്റ്റോക്ക് ജില്ലാതല മരുന്നു സംഭരണശാലകളിൽ സൂക്ഷിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly